IV. സബ്മിഷൻ

(1) ഖാദി തൊഴിലാളികൾക്കുള്ള പ്രൊഡക്ഷൻ ഇൻസെന്റീവ് ലഭ്യമാക്കണമെന്നതു സംബന്ധിച്ച്

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ഖാദി മേഖലയിലെ തൊഴിലാളികളുടെ നീറുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഞാൻ ഇതിനുമുമ്പും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തി

10 A.M.] യിട്ടുള്ളതാണ്. ഖാദി വളരെ മനോഹരമാണ്. പക്ഷേ, ഖാദി ധരിക്കുന്നവർ ഖാദിമേഖലയിൽ പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികളുടെ പ്രശ്നങ്ങൾ പലപ്പോഴും മറന്നുപോവുകയാണ്. 2002-2003 വർഷത്തിൽ അവർക്ക് കൊടുക്കാൻ നിശ്ചയിച്ചിരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് ഒരു കഴി നൂലിന് 10 പൈസ മാത്രമേയുള്ളൂ. മാക്സിമം പണിയെടുത്താൽ 3 രൂപയാണ് ഒരു ദിവസം കിട്ടുക. പക്ഷേ, കഴിഞ്ഞ ഒരു വർഷക്കാലം 40 ലക്ഷം രൂപ കുടിശ്ശികയായി നിൽക്കുകയാണ്. ഈ 40 ലക്ഷം രൂപ ലഭിക്കുന്നതിന്; കേരളത്തിലെ പാവപ്പെട്ട ഖാദിത്തൊഴിലാളികൾ പ്രത്യേകിച്ച് പയ്യന്നൂർ ഖാദി സെന്ററിലെ ആയിരക്കണക്കിന് സ്ത്രീ തൊഴിലാളികൾ ഇന്ന് പ്രൊഡക്ഷൻ ഇൻസെന്റീവ് കിട്ടാൻ സമരത്തിലാണ്. അവർക്കു കിട്ടുന്നത് തുച്ഛമായ തുകയാണ്. കഴിഞ്ഞവർഷത്തെ കുടിശ്ശികയായ 40 ലക്ഷം രൂപ പ്രൊഡക്ഷൻ ഇൻസെന്റീവ് ഓണത്തിന് മുമ്പ് കൊടുത്തുതീർക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): 2002-2003 വർഷത്തേയ്ക്ക് ഖാദി തൊഴിലാളികൾക്ക് നൽകുവാൻ ഖാദി ഗ്രാമ വ്യവസായ ബോർഡ് നിശ്ചയിച്ചിട്ടുള്ള പ്രൊഡക്ഷൻ ഇൻസെന്റീവ് ഓണത്തിന് മുമ്പ് നൽകുന്നതാണ്. ഇതിന് ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതു മാത്രമല്ല 2003-2004 വർഷത്തെ ഉൽപ്പാദന ഇൻസെന്റീവ് നൽകുന്ന കാര്യം കൂടി ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

Mr. Speaker: Very good.

(2) മഹിളാ സ്വസ്ത് സംഘ് പ്രവർത്തകർക്ക് ഓണറേറിയം

ശ്രീ. ടി. വി. ചന്ദ്രമോഹൻ: ആരോഗ്യ മേഖലയിൽ സന്നദ്ധ സംഘങ്ങളായി പ്രവർത്തിക്കുന്ന പതിനായിരക്കണക്കിന് മഹിളാ സ്വസ്ത് സംഘ് പ്രവർത്തകരുടെ പ്രശ്നം നിരവധി തവണ നിയമസഭയിൽ ഉന്നയിച്ചിട്ടുള്ളതാണ്. ഏതാണ്ട് 10 വർഷക്കാലമായി ആരോഗ്യ പ്രവർത്തനങ്ങളുമായി കഴിഞ്ഞുവരുന്ന ഏഴായിരത്തോളം മഹിളാ സ്വസ്ത് സംഘ് പ്രവർത്തകർക്ക് ചുരുങ്ങിയത് 200 രൂപയെങ്കിലും മാസത്തിൽ ഓണറേറിയം അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. തൊഴിലില്ലായ്മ വേതനംപോലും 150 രൂപയുള്ള നമ്മുടെ രാജ്യത്ത് സ്ഥിരമായ ആരോഗ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്ന എത്രയോ സഹോദരിമാർ 200 രൂപയെങ്കിലും ഓണറേറിയം എന്ന നിലയ്ക്ക് അനുവദിച്ചു തരണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരു മാനുഷിക പരിഗണന വച്ച് ഈ കാര്യത്തിൽ ഒരു പ്രത്യേക തീരുമാനമെടുക്കണമെന്നു ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): 1990-91 മുതൽ മഹിളാ സ്വസ്ത് സംഘ യൂണിറ്റുകൾ കേരളത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാനത്താകെ 3,420 മഹിളാ സ്വസ്ത് സംഘ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇവർക്ക് ഒരു മഹിളാ സ്വസ്ത് സംഘത്തിന്റെ പ്രവർത്തനങ്ങൾക്കായി; ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർക്ക്, ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി; കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് നൽകുന്ന ഫണ്ടിൽനിന്നും പ്രതിമാസം 100 രൂപ അനുവദിച്ചു നൽകുന്നുണ്ട്. 2003-04 സാമ്പത്തിക വർഷം മുതൽ മഹിളാ സ്വസ്ത് സംഘങ്ങൾക്ക് 200 രൂപ നിരക്കിൽ ഉൽസവകാലബത്ത അനുവദിച്ച് ഉത്തര വായിട്ടുണ്ട്. 5 വർഷത്തിൽ കുറയാത്ത സജീവ സന്നദ്ധ പ്രവർത്തകരായിട്ടുള്ള മഹിളാ സ്വസ്ത് സംഘ പ്രവർത്തകർക്കായി ഓരോ വർഷവും 2 സീറ്റുകൾ വീതം ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിംഗ് കോഴ്സുകൾക്ക് പ്രവേശനം നൽകാൻ നീക്കിവെച്ചിട്ടുണ്ട്. ഇവർക്ക് സർക്കാർ സർവ്വീസിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ മറ്റുള്ളവരോടൊപ്പം ജോലി കിട്ടാൻ ഇതുമൂലം അർഹതയുണ്ടായിരിക്കും. ഒരു സന്നദ്ധ പ്രവർത്തകയ്ക്ക് പ്രതിമാസം 200 രൂപ നിരക്കിൽ ഓണറേറിയം അനുവദിച്ചാൽ തന്നെ സജീവ പ്രവർത്തകരായ 7,524 പേർക്ക് 1,82,25,600 രൂപ പ്രതിവർഷം അധികച്ചെലവ് ഉണ്ടാകുന്നതാണ്. ഇതിനായി ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് തുകയൊന്നും അനുവദിച്ചിട്ടില്ല. സംസ്ഥാന ബഡ്ജറ്റിലും തുകയൊന്നും വക യിരുത്തിയിട്ടില്ല. എന്നാലും ഇവർക്ക് ആനുകൂല്യങ്ങൾ നൽകാൻ കഴിയുമോ എന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ധനകാര്യ വകുപ്പ് ഈ കാര്യത്തിൽ അനുകൂലമായ നിലപാട് സ്വീകരിക്കുകയാണെങ്കിൽ നിശ്ചയമായും നൽകുന്നതിന് ആരോഗ്യവകുപ്പിന് അൽപ്പം പോലും പ്രയാസമില്ല.

(3) വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കൽ

ശ്രീ. ബിനോയ് വിശ്വം: കേരളത്തിലെ വിദ്യാഭ്യാസ രംഗം നീറിപ്പുകയുകയാണ്. 14 വയസ്സുവരെ സൗജന്യ വിദ്യാഭ്യാസം മൗലികാവകാശമാണെന്ന് കേന്ദ്ര ഗവൺമെന്റ്.....

മി. സ്പീക്കർ: സബ്മിഷന് ചുരുക്കിയേ പറയാവൂ. സമരത്തെപ്പറ്റി രണ്ടു സെന്റൻസ് പറയാം.

ശ്രീ. ബിനോയ് വിശ്വം: സർ, പക്ഷെ, കേരളത്തിൽ വിദ്യാഭ്യാസം ഇന്ന് സൗജന്യമല്ല. അത് കച്ചവടമായിട്ട് മാറുകയാണ്. എല്ലാ തലത്തിലും വിദ്യാഭ്യാസം ഒരു കച്ചവടപ്പണ്ടമായി മാറിക്കൊണ്ടിരിക്കുമ്പോൾ വിദ്യാർത്ഥികൾക്ക് അതിനു മുമ്പിൽ കൈയും കെട്ടി നിൽക്കാൻ പറ്റുകയില്ല. സംയുക്ത വിദ്യാർത്ഥി സംഘടനയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥി നേതാക്കൻമാരുടെ നിരാഹാരം ഇന്ന് 8 ദിവസം പൂർത്തിയാക്കുകയാണ്. ഇന്നു മുതൽ അദ്ധ്യാപകരും സമരരംഗത്ത് വരികയാണ്. വിദ്യാഭ്യാസ രംഗം മുഴുവൻ സ്തംഭിച്ചു നിൽക്കെ, വിദ്യാർത്ഥികളാകെ സമരരംഗത്ത് വരവെ, നേതാക്കൻമാരുടെ ജീവൻ പന്താടി കൊണ്ടിരിക്കെ, ഗവൺമെന്റ് ഇവിടെ ഒന്നും ചെയ്യുന്നില്ല. ഒന്ന് അനങ്ങാനോ നോക്കാനോ ചർച്ചയ്ക്ക് വിളിക്കാനോ കൂട്ടാക്കാതെ ഗവൺമെന്റ് വിദ്യാഭ്യാസ കച്ചവടത്തിന് കൂട്ടു നിൽക്കുകയാണ്. തളിപ്പറമ്പിലും തിരുവനന്തപുരത്തും കൊല്ലത്തുമെല്ലാം വിദ്യാർത്ഥികളെ പോലീസ് തല്ലുകയാണ്. അങ്ങോളമിങ്ങോളം വിദ്യാർത്ഥികളുടെ ചോര വീഴുകയാണ്. കേരളത്തിന്റെ എല്ലാ ഭാഗത്തും വിദ്യാർത്ഥികളുടെ ചോര വീഴ്ത്തിക്കൊണ്ട്, അടിച്ചമർത്തി കൊണ്ട്, വിദ്യാഭ്യാസ കച്ചവടത്തിനുവേണ്ടി നീങ്ങുന്ന ഗവൺമന്റിന്റെ നയം തെറ്റാണെന്ന് പറയുകയാണ്. അതുകൊണ്ട് അടിയന്തിരമായും നേതാക്കൻമാരുമായി ചർച്ച ചെയ്ത് ഈ പ്രശ്നം തീർക്കാനും ഈ രംഗത്തുള്ള സ്തംഭനാവസ്ഥ മാറ്റാനും ഗവൺമെന്റ് തയ്യാറാകാൻ ഞാൻ അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly